**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **07-10-2021 - ൽ മറുപടിയ്ക്ക്**

**അനുഭവവേദ്യ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം അനുഭവവേദ്യ ടൂറിസത്തിന്റെ (എക്സ്പീരിയൻഷ്യൽ ടൂറിസം) സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേകമായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; കൃഷിയുമായി ബന്ധപ്പെട്ട ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കോവിഡാനന്തരം ടൂറിസം മേഖല തുറന്നു പ്രവർത്തനമാരംഭിച്ച മുറക്ക് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കോട്ടയം, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തനക്ഷമമായിട്ടുണ്ട്. ബാക്കിയുള്ള ടൂർ പാക്കേജുകളുടെ ഭാഗമായ യൂണിറ്റുകളിലെ വാക്സിനേഷൻ വിവരങ്ങൾ പരിശോധിച്ച ശേഷം, കോവിഡ് പ്രോട്ടോകോൾ/നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നതിനായുള്ള തയ്യാറെടുപ്പുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഓരോ പാക്കേജും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ആയത് നടത്തി വരുന്നു. കൃഷിയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്'' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ആദ്യ ഘട്ട പരിശീലനം നടന്നു വരുന്നു. |
| (ബി) | ഫാം ടൂറിസം ജനകീയമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ; | (ബി) | ഫാം ടൂറിസം ജനകീയമാക്കുന്നതിനായി ടൂറിസം |

| | | | |
|---|---|---|---|
| | | | മേഖലയുമായി സഹകരിച്ച പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളവരും കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വരുമായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായ ഒരു നെറ്റ് വർക്ക് ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രീൻ ഫാം കേരള' എന്ന ക്ലാസ്സിഫിക്കേഷൻ പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്നതിന് കുറഞ്ഞ സാധാരണ ഭൂമി 10 ഏക്കറും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറുമാണ്. ഈ പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനായി കുറഞ്ഞ സാധാരണ ഭൂമി 3.5 ഏക്കറായി നിജപ്പെടുത്തുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച വരുന്നു. |
| (സി) | കർഷകർക്ക് വരുമാനവും ടൂറിസ്റ്റുകൾക്ക് ആസ്വാദനവും നൽകാനാവുംവിധം കൃഷി, ടൂറിസം വകുപ്പുകളുടെ ഏകോപനത്തിലൂടെ വിനോദസഞ്ചാരമേഖല ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യത സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന ഒരു പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഇതുവഴി ടൂറിസം മേഖലയിലും ജനജീവിതത്തിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്എന്ന പദ്ധതി വഴി കാർഷിക പ്രവർത്തനങ്ങളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതുവഴി കർഷകർക്ക് ടൂറിസത്തിലൂടെ അധിക വരുമാനം ലഭ്യമാക്കുവാനും, ടൂറിസം മേഖലക്ക് വ്യത്യസ്തമായ ഒരു ടൂറിസം പ്രോഡക്റ്റിനൊപ്പം, ടൂറിസം |

| | | | |
|---|---|---|---|
| | | | മേഖലക്കാവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ പരമാവധി പ്രാദേശികമായി ലഭ്യമാക്കുന്നതിനും സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ